# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 200 — 26/02/2018-ൽ മറുപടിക്ക്

### 'ആരോഗ്യ ജാഗ്രത' പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ബി.സത്യൻ<br>,, മുരളി പെരുനെല്ലി<br>,, കാരാട്ട് റസാഖ്<br>,, കെ.ജെ. മാക്സി | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധത്തിനായി 'ആരോഗ്യ ജാഗ്രത' പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | എ) വിവിധ പകർച്ചവ്യാധികൾ വർഷത്തിൽ എല്ലാ മാസവും ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആരോഗ്യ ജാഗ്രത എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളാണ് ആരോഗ്യവകുപ്പ് ആരംഭിച്ചിരിക്കുന്നത്. |
| ബി) പകർച്ച വ്യാധികളുടെ വ്യാപനം തടയാനും രോഗപ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) ഇതര വകുപ്പുകളുടെയും ജനപങ്കാളിത്തത്തോടെയും മഴക്കാലത്തിന് മുൻപ് ജനുവരി മാസം മുതൽ തന്നെ നടത്തേണ്ട മുന്നൊരുക്ക യോഗങ്ങളും, പരിശീലന പ്രവർത്തനങ്ങളും ശുചീകരണ-കൊതുകുറവിട നശീകരണം തുടങ്ങിയ പ്രതിരോധ പ്രവർത്തനങ്ങളും സമയബന്ധിതമായി ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുള്ളതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. വാർഡ് തലത്തിൽ ആരോഗ്യ ശുചിത്വ സമിതികളെ ശാക്തീകരിച്ച് ആരോഗ്യ കർമ്മ സേനാംഗങ്ങളുടെയും ആരോഗ്യ-പ്രവർത്തകരുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെയുമാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ തദ്ദേശസ്വയംഭരണ വകുപ്പും ആരോഗ്യ-വകുപ്പും തയ്യാറാക്കി നൽകിയിട്ടുണ്ട്. അതോടൊപ്പം ഏതെങ്കിലും പ്രദേശത്ത് പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ അവിടെ ഊർജ്ജിതമായ നിയന്ത്രണ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| സി) പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റു വകുപ്പുകളുടെയും സഹകരണം തേടിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | സി) തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുവാൻ സംസ്ഥാന-ജില്ലാ തലങ്ങളിലും താഴെത്തട്ടിലും ഇന്റർസെക്ടറൽ യോഗങ്ങൾ നടത്തി. ജില്ലകളുടെ ചാർജ്ജുള്ള മന്ത്രിമാർ ജില്ലാ തലത്തിൽ പ്രവർത്തനങ്ങൾ |

അവലോകനം ചെയ്തു. തദ്ദേശസ്ഥാപന-മേധാവികൾക്കും സെക്രട്ടറിമാർക്കും വിർച്വൽ ക്ലാസ്സ് വഴി അവബോധം നൽകി. തദ്ദേശ സ്ഥാപനതല യോഗങ്ങളും ആരോഗ്യ ജാഗ്രതയ്ക്കായി വാർഡുകളിൽ പ്രത്യേക ഗ്രാമസഭയും വിളിച്ചുകൂട്ടി, വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതികൾ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ശാക്തീകരിച്ച് ആരോഗ്യ കർമ്മ-സേനാംഗങ്ങളെ നിയോഗിച്ചാണ് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നത്. തദ്ദേശ സ്ഥാപനങ്ങൾ വഴി പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പദ്ധതികൾക്കും വാർഡുതല സാനിട്ടേഷൻ സമിതിക്കും ഫണ്ടും ലഭ്യമാക്കുന്നുണ്ട്.

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി, ഗാർഹിക സന്ദർശനങ്ങളും പൊതുജനങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കുമുള്ള രോഗ-പ്രതിരോധ ആരോഗ്യ-പരിപാലനം സംബന്ധിച്ച ക്ലാസുകളും നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | ഡി) | ആരോഗ്യജാഗ്രതയുടെ ഭാഗമായി ഗാർഹിക സന്ദർശനങ്ങളും സ്ഥാപന സന്ദർശനങ്ങളും നടത്തുവാൻ ആവശ്യമായ കർമ്മസേന രൂപീകരണം പൂർത്തിയായി വരികയാണ്. വാർഡ്തലത്തിൽ കർമ്മസേനാംഗങ്ങൾ സന്ദർശനം നടത്തി പൊതുജനാരോഗ്യ പ്രശ്നങ്ങൾ കണ്ടുപിടിക്കുന്ന ശുചിത്വമാപ്പിംഗും പൂർത്തീകരിച്ചു വരുന്നു. ശുചിത്വമാപ്പിംഗിലൂടെ വാർഡിലെ പൊതുജനാരോഗ്യ പ്രശ്നങ്ങൾ മനസ്സിലാക്കി അതു പരിഹരിക്കാനുള്ള കർമ്മപദ്ധതി വാർഡുകളിലും തദ്ദേശ-സ്ഥാപനങ്ങളിലും തയ്യാറാക്കി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിൽ പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ബോധവത്കരണവും ലഘുലേഖാവിതരണവും നടത്തുന്നു. ജനുവരി 21-ന് സംസ്ഥാന വ്യാപകമായി ആരോഗ്യ പ്രവർത്തകരും മറ്റും ഗൃഹ, സ്ഥാപന സന്ദർശനങ്ങൾ നടത്തി ബോധവൽകരണം നടത്തിയിരുന്നു. |

**സെക്ഷൻ ഓഫീസർ**